**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത **ചോദ്യം നമ്പർ** : 1187 — 04/12/2014 ൽ മറുപടിക്ക്

## വി.എച്ച്.എസ്.ഇ.യിലെ അദ്ധ്യാപകർക്കുള്ള പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2011-12 സാമ്പത്തിക വർഷത്തിൽ സീമാറ്റ്-കേരള നടത്തിയ വി.എച്ച്.എസ്.ഇ യിലെ അദ്ധ്യാപകർക്കുള്ള പരിശീലനത്തിന് 10.81 ലക്ഷം രൂപ മാത്രം ചെലവഴിക്കുകയും 52.80 ലക്ഷം ചെലവഴിച്ചതായി വ്യാജ കണക്കു നൽകി വി.എച്ച്.എസ്.ഇ യിൽ നിന്നും പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീമാറ്റ്-കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീമാറ്റ്-കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി പറഞ്ഞിട്ടില്ല.എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ് വാങ്ങുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കണമെന്നു മാത്രമാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. വി.എച്ച്.എസ്.സി ഡയറക്ടറും, സീമാറ്റ്-കേരള ഡയറക്ടറും തമ്മിൽ ഒപ്പുവച്ചിട്ടുള്ള ഉടമ്പടി പ്രാകാരമാണ് മാനേജ്മെന്റ് പരിശീലനം നടത്തിയിട്ടുള്ളതും അതിനുള്ള ഫണ്ട് സീമാറ്റ്-കേരളയ്ക്ക് നൽകിയിട്ടുള്ളതും. |
| ബി) | പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് ഇല്ലെങ്കിൽ സ്വീകരിക്കുവാൻ പോകുന്ന നടപടിയെന്താണെന്ന് വ്യക്തമാക്കുമോ? | ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ